## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1466

03.05.2017-ൽ മറുപടിക്ക്

## ഡ്രൈവർ ഗ്രേഡ് 2 പി.എസ്.സി റാങ്ക് ലിസ്റ്റ്

| ചോദ്യം<br>ശ്രീ. ഒ. രാജഗോപാൽ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | കാറ്റഗറി നമ്പർ 16/2014 ഡ്രൈവർ ഗ്രേഡ് 2 വിവിധ തസ്തികയിലേക്ക് റോഡ് ടെസ്റ്റ് നടത്തിയിട്ടും നാളിതുവരെയായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാറ്റഗറി നമ്പർ 16/2014 ആയി വിജ്ഞാപനം പുറപ്പെടുവിച്ച വിവിധ വകുപ്പുകളിലേക്കുള്ള ഡ്രൈവർ ഗ്രേഡ് II തസ്തികയിലേയ്ക്ക് പാലക്കാട്, വയനാട്, കാസറഗോഡ് എന്നീ ജില്ലകളിലേയ്ക്ക് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷ ക്ഷണിച്ച 12 ജില്ലകളിൽ ശേഷിക്കുന്ന 9 ജില്ലകളിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ബി) | ഡ്രൈവർ തസ്തികയിലേക്ക് പി.എസ്.സി തുടർന്നു വന്നതിൽ നിന്നും വ്യത്യസ്തമായ രീതിയിൽ യോഗ്യതാ മാനദണ്ഡം പുതുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തിനു വേണ്ടിയാണ് മാനദണ്ഡം പുതുക്കി നിശ്ചയിക്കുവാൻ - തീരുമാനിച്ചത് എന്നറിയിക്കാമോ? | (ബി) | ഡ്രൈവർ തസ്തികയുടെ വിജ്ഞാപന പ്രകാരമുള്ള യോഗ്യത താഴെ പറയും പ്രകാരമായിരുന്നു നിശ്ചയിച്ചിരുന്നത്.<br>1) A pass in Standard VII/III Forum.<br>2) Must possess valid Driving Licence of three years standing |

| | | | |
|---|---|---|---|
| | | | to drive Light Motor Vehicle with Driver's Badge.<br>3) Proficiency in Driving Light Motor Vehicles which is to be proved in a practical Test conducted by KPSC during the course of selection. Only those who pass 'H' Test are eligible for Road Test.<br>ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ള ഡ്രൈവേഴ്സ് ബാഡ്ജ് മൂന്ന് വർഷം കൂടുമ്പോൾ പുതുക്കേണ്ടതിനാൽ ടി ബാഡ്ജിന് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിൽ മൂന്നുവർഷ സാധുത ഉണ്ടായിരിക്കണമെന്ന് കമ്മീഷൻ കാലാകാലങ്ങളിൽ നിഷ്കർഷിച്ചിരുന്നു. പ്രസ്തുത തീരുമാനം ചോദ്യം ചെയ്തുകൊണ്ട് ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്ത അന്യായത്തിന്മേലുള്ള ബഹു മാനപ്പെട്ട കോടതി വിധിയിൽ ബാഡ്ജിന് മൂന്ന് വർഷകാലാവധി നിശ്ചയിച്ച നടപടി തെറ്റാണെന്ന് ഉത്തരവാകുകയും ചെയ്തു. പ്രസ്തുത ഉത്തരവിന്റെ വെളിച്ചത്തിലാണ് യോഗ്യതാ മാനദണ്ഡങ്ങൾ പുതുക്കാൻ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ